**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1305** **01-02-2024 - ൽ മറുപടിയ്ക്ക്**

**ദേശീയ പാതയിൽ പള്ളിക്കൽ ബസാർ ഭാഗത്ത് ഓവർ ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ പാത 66 കടന്നുപോകുന്ന കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ പള്ളിക്കൽ ബസാർ ഭാഗത്ത് (ചെയിനേജ് നമ്പർ: 309/345) ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ സൈതലവി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | ദേശീയ പാത 66 കടന്നുപോകുന്ന കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ പള്ളിക്കൽ ബസാർ ഭാഗത്ത് ഓവർ ബ്രിഡ്ജ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പൊതുമരാമത്ത് (ഡി) വകുപ്പിന്റെ ഡി3/108/2023 നമ്പർ ഫയലിൽ സ്വീകരിക്കുകയും ദേശീയപാത അതോറിറ്റി യുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത ആവശ്യത്തിന്റെ സാങ്കേതിക സാധ്യത ദേശീയപാത അതോറിറ്റി പരിശോധിച്ചു. IRC മാനദണ്ഡ പ്രകാരം ഒരു അണ്ടർപാസിന്റെ 2 കിലോമീറ്റർ പരിധിക്കുള്ളിൽ മറ്റൊരു അണ്ടർപാസ്/ ഓവർപാസ്/ലൈറ്റ് വെഹി ക്കുലാർ അണ്ടർപാസ് എന്നിവ അനുവദിക്കാനാവില്ല എന്നാണ് NHAI അറിയിക്കുന്നത്. പള്ളിക്കൽ ബസാർ ഭാഗത്ത് ആവശ്യപ്പെട്ട അണ്ടർപാസ് അനുവദിക്കാൻ സാങ്കേതികമായി സാധ്യമല്ലെന്നും അതുകൊണ്ട് പ്രസ്തുത ആവശ്യം നിരസിച്ചതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ദേശീയ പാത 66 കടന്നുപോകുന്ന കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ പള്ളിക്കൽ ബസാർ ഭാഗത്ത് ഓവർ ബ്രിഡ്ജ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പൊതുമരാമത്ത് (ഡി) വകുപ്പിന്റെ ഡി3/108/2023 നമ്പർ ഫയലിൽ സ്വീകരിക്കുകയും ദേശീയപാത അതോറിറ്റി യുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത ആവശ്യത്തിന്റെ സാങ്കേതിക സാധ്യത ദേശീയപാത അതോറിറ്റി പരിശോധിച്ചു. IRC മാനദണ്ഡ പ്രകാരം ഒരു അണ്ടർപാസിന്റെ 2 കിലോമീറ്റർ പരിധിക്കുള്ളിൽ മറ്റൊരു അണ്ടർപാസ്/ ഓവർപാസ്/ലൈറ്റ് വെഹി ക്കുലാർ അണ്ടർപാസ് എന്നിവ അനുവദിക്കാനാവില്ല എന്നാണ് NHAI അറിയിക്കുന്നത്. പള്ളിക്കൽ ബസാർ ഭാഗത്ത് ആവശ്യപ്പെട്ട അണ്ടർപാസ് അനുവദിക്കാൻ |

| | | | |
|---|---|---|---|
| | | | സാങ്കേതികമായി സാധ്യമല്ലെന്നും അതുകൊണ്ട് പ്രസ്തുത ആവശ്യം നിരസിച്ചതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ